# പ്രതിജ്ഞ

ജീവന്റെ നിലനിൽപ്പിനാധാരമായ പ്രകൃതിയുടെ വിശുദ്ധിയും ചൈതന്യവും നിലനിർത്തുന്നതിനായി, നിർഭയരായി കർമ്മനിരതമായ ജീവിതം നയിച്ച അനേകം പേർക്ക് അവരുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ സ്വന്തം ജീവൻ നഷ്ടമായിട്ടുണ്ട്. ഈ വനരക്തസാക്ഷി ദിനത്തിൽ അവരുടെ ധീരമായ പ്രവർത്തനത്തേയും ത്യാഗസന്നദ്ധതയെയും ആദരവോടെ സ്മരിക്കുന്നതോടൊപ്പം അവർ പകർന്നു നല്കിയ ആത്മവീര്യത്തിന്റെ അഗ്നിജ്വാല അവരിൽ നിന്നേറ്റു വാങ്ങി ഒരിക്കലും അണയാതെ ഹൃദയത്തിൽ സൂക്ഷിക്കുമെന്നും പ്രകൃതിയുടെ സുസ്ഥിരമായ നിലനിൽപ്പിനായി ഞാൻ എന്റെ കഴിവിന്റെ പരമാവധി പ്രവർത്തിക്കുമെന്നും ഇതിനാൽ ദൃഢപ്രതിജ്ഞ ചെയ്യുന്നു